**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1744** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഉൾനാടൻ ഗ്രാമങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള സർവ്വീസിന്റെ പ്രത്യേകതകൾ താഴെ പറയുന്നവയാണ്. 1. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്. 2. കെ.എസ്.ആർ.ടി.സി., നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക. 3. റൂട്ടുകളുടെ ഗതാഗതയോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater / സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും. 4. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും തെരെഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്. 5. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.യുമായി കരാറിൽ ഏർപ്പെടേണ്ടതും, ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും. 6. ഒരു വാർഷിക കരാർപ്രകാരം ഓരോ ബസിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി.ക്ക് നൽകേണ്ടതാണ്. 7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക, കണക്കാക്കി നിശ്ചിതദിവസം കെ.എസ്.ആർ.ടി.സി നൽകുന്ന ഇൻവോയിസ്, പ്രകാരം കെ.എസ്.ആർ. ടി.സി.യിൽ |

| | | | |
|---|---|---|---|
| | | | അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലാ എങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്. 8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്. 9. അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ MLA-മാർ ശുപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന. 10. എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിച്ചാൽ എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും. 11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്. 12. ബസ്സുകളുടെ പരിപാലനം / ഇൻഷ്വറൻസ് / സി.എഫ് പുതുക്കൽ / പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി.യ്ക്കായിരിക്കും. 13. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതാതു സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിനു 1 km ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും. 14. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽ നിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്. 15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം. 16. RTC ആക്ടിനു വിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേരു പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്. |
| (ബി) | ഗ്രാമവണ്ടി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ കൂടി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. തുക സംബന്ധിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുമായി ഒരു സംയുക്ത യോഗം ഓക്ടോബർ 13-ാം തീയതി കൂടുന്നതിനും ഇതിനെ കുറിച്ച് കൂടുതൽ വിശദമായ ചർച്ചയ്ക്കുശേഷം ഇതുസംബന്ധിച്ച് ഉത്തരവും പുറപ്പെടുവിക്കുന്നതാണ്. ഗ്രാമവണ്ടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ